ശ്രീ. കെ. അവുക്കാദർകുട്ടിനഹ: സർ, കേന്ദ്രത്തിൽനിന്നു വാങ്ങാവുന്നതിന്റെ പരമാവധി നമ്മൾ വാങ്ങാൻ ശ്രമിച്ചതിന്റെ ഫലമായിട്ടാണ് നമുക്ക് ഇത്രയും സംഖ്യ കിട്ടിയത്. അതിൽ ഒരു ഓഹരിയാണ് പി. ഡബ്ലിയു. ഡി. യ്ക്ക് കൊടുത്തത്.

ശ്രീ. സി. എഫ്. തോമസ്: സർ, നമ്മുടെ റോഡുകൾക്ക് കേടുപാടുകൾ ഉണ്ടാക്കുന്നതിൽ പ്രധാനമായ ഒരു പങ്കു വഹിക്കുന്നത് പി. എച്ച്. ഇ. ഡി. ക്കാരും പി. ആൻഡ് ഡി. ക്കാരുമാണ്. പൈപ്പ് ലൈൻ ഇടുന്നതിനും കേബിൾ മാറ്റുന്നതിനും വേണ്ടി റോഡുകൾ കേടു വരുത്തുന്നു. ഇതു പരിഹരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: സർ, ഗവൺമെന്റ് വളരെമുമ്പു തന്നെ ഇതിനേക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. അതിനു ചില നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട്. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ എല്ലാ ഡിപ്പാർട്ടുമെന്റുകളും കൂടി യോജിച്ചുകൊണ്ട് പ്രവർത്തിക്കാനുള്ള ചില നിർദ്ദേശങ്ങൾ ഉണ്ട്. പക്ഷേ പല സ്ഥലങ്ങളിലും അതു നടക്കുന്നില്ല.

## (ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

### പരീക്ഷകളിൽ ക്രമക്കേട് നടന്നതായി പരാതി

* 29 [33] ശ്രീ. വി. ജെ. തങ്കപ്പൻ:
,, പി. സി. തോമസ് (കടുത്തുരുത്തി):
,, വി. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാന്ധിജി സർവ്വകലാശാലയുടെ കീഴിൽ നടത്തപ്പെട്ട പരീക്ഷകളിൽ ക്രമക്കേടുകൾ നടന്നതായി സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്.

(ബി) ഈ പരാതികളിൻമേലുള്ള അഭിപ്രായം അറിയിക്കുവാനായി അത് ഗാന്ധിജി സർവ്വകലാശാലയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് യൂണിവേഴ്സിറ്റിയാണ്.

### വിദേശമദ്യഷാപ്പുകൾക്ക് ലൈസൻസ്

* 30 [34] ശ്രീ. കെ. പുരുഷോത്തമൻ:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, വർക്കല രാധാകൃഷ്ണൻ:
,, പി. വി. കുഞ്ഞിക്കണ്ണൻ:
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly